# ALL INDIA RADIO, THIRUVANANTHAPURAM

# ആകാശവാണി, തിരുവനന്തപുരം
# NATIONAL BULLETIN

**DATE : 12.02.2025** | **പ്രധാന വാർത്തകൾ** | **TIME : 07.25 AM**

1. ഫ്രഞ്ച് പ്രസിഡന്റ് ഇമ്മാനുവൽ മാക്രോണൊപ്പം ഇന്ത്യ-ഫ്രാൻസ് സി ഇ ഒ ഫോറത്തെ അഭിസംബോധന ചെയ്ത് പ്രധാനമന്ത്രി നരേന്ദ്രമോദി; ഇന്ത്യയിലെ നിക്ഷേപ സാധ്യതകൾ പ്രയോജനപ്പെടുത്താൻ ഫ്രഞ്ച് കമ്പനികളെ ക്ഷണിച്ച് പ്രധാനമന്ത്രി.

   **Prime Minister Narendra Modi addresses India-France CEO Forum alongside French President Emmanuel Macron; invites French companies to explore investment opportunities in India**

2. ഗ്രാമങ്ങളെ അഭിവൃദ്ധിപ്പെടുത്തുന്നതിനും വിലക്കയറ്റം നിയന്ത്രിക്കുന്നതിനുമാണ് കേന്ദ്ര സർക്കാർ മുൻഗണന നൽകുന്നതെന്ന് ധനമന്ത്രി നിർമ്മല സീതാരാമൻ ലോക്സഭയിൽ.

   **Government's focus is on bringing prosperity to villages and controlling inflation, Finance Minister Nirmala Sitharaman says in Lok Sabha.**

3. അതിർത്തി വഴിയുള്ള നുഴഞ്ഞുകയറ്റം ഏതുവിധേനയും പ്രതിരോധിക്കാൻ നിർദ്ദേശം നൽകി കേന്ദ്ര ആഭ്യന്തര മന്ത്രി അമിത് ഷാ.

   **Union Home Minister Amit Shah Calls for Strong Measures to Prevent Cross-Border Infiltration through all means**

4. കേരള നിയമസഭയിൽ ബജറ്റിൻ മേലുള്ള പൊതു ചർച്ചയ്ക്ക് ധനമന്ത്രി കെ.എൻ ബാലഗോപാൽ ഇന്ന് മറുപടി നൽകും.

**Finance Minister K.N. Balagopal to reply to the general debate on the budget in the Kerala Legislative Assembly today.**

**5. ഇന്ത്യ- ഇംഗ്ലണ്ട് ഏകദിന പരമ്പരയിലെ അവസാന മത്സരം ഇന്ന്. പരിക്കിനെ തുടർന്ന് ഐസിസി ചാമ്പ്യൻസ് ട്രോഫിക്കുള്ള ഇന്ത്യൻ ടീമിൽ നിന്ന് ബൗളർ ജസ്പ്രീത് ബുംറ പുറത്ത്.**

**Final match of India-England ODI series today; bowler Jasprit Bumrah ruled out of the Indian team for ICC Champions Trophy due to injury.**

*************************************

## INDO FRECH CEOs FORUM ( INTRO)

പ്രധാനമന്ത്രി നരേന്ദ്ര മോദിയും ഫ്രഞ്ച് പ്രസിഡൻ്റ് ഇമ്മാനുവൽ മാക്രോനും പാരീസിൽ 14-ാമത് ഇന്ത്യ-ഫ്രാൻസ് സി ഇ ഒ ഫോറത്തെ അഭിസംബോധന ചെയ്തു. ബിസിനസ്സ് ബന്ധങ്ങൾ ശക്തിപ്പെടുത്തുന്നതിനും നൂതനത്വം വളർത്തുന്നതിനുമുള്ള പ്രതിബദ്ധത ഇരുവരും ആവർത്തിച്ചു. ആഗോള നിക്ഷേപ കേന്ദ്രമെന്ന നിലയിൽ ഇന്ത്യ ഇപ്പോൾ ശ്രദ്ധ ആകർഷിക്കുന്നതായി പ്രധാനമന്ത്രി പറഞ്ഞു. നിയന്ത്രണ പരിഷ്കാരങ്ങൾ ഇന്ത്യയുടെ സാമ്പത്തിക രംഗത്തെ കൂടുതൽ വിശ്വസ്തവും കാര്യക്ഷമവും ആക്കിയതായും അദ്ദേഹം ചൂണ്ടിക്കാട്ടി.

(വോയിസ്...)

പ്രതിരോധം, ഊർജം, വ്യോമയാനം, ബഹിരാകാശം തുടങ്ങിയ മേഖലകളിൽ പുതിയ നിക്ഷേപ സാധ്യതകൾ പ്രയോജനപ്പെടുത്താൻ ഫ്രഞ്ച് കമ്പനികളെ പ്രധാനമന്ത്രി ഇന്ത്യയിലേക്ക് ക്ഷണിച്ചു. വിദേശകാര്യമന്ത്രി എസ്.ജയശങ്കറും പരിപാടിയെ അഭിസംബോധന ചെയ്തു. മാർസേയിലെ ആദ്യ ഇന്ത്യൻ കോൺസുലേറ്റിൻറെ ഉദ്ഘാടനം നിർവഹിക്കുന്ന പ്രധാനമന്ത്രി ഇന്ന് യു.എസിലേക്ക് യാത്ര തിരിക്കും.

*************************************

## PM- VANCE - ESTONIA

ദ്വിരാഷ്ട്ര സന്ദർശനത്തിന്റെ ഭാഗമായി പ്രധാനമന്ത്രി നരേന്ദ്രമോദി അമേരിക്കൻ വൈസ് പ്രസിഡൻറ് ജെ ഡി വാൻസുമായി പാരിസിൽ കൂടിക്കാഴ്ച നടത്തി. കൂടിക്കാഴ്ചയിൽ വിവിധ വിഷയങ്ങൾ ചർച്ചയായതായി പ്രധാനമന്ത്രി സമൂഹമാധ്യമത്തിൽ കുറിച്ചു. പാരീസിൽ നടന്ന എഐ ആക്ഷൻ ഉച്ചകോടിക്കിടെ എസ്റ്റോണിയൻ പ്രസിഡൻറ് അലർ കരിസുമായും പ്രധാനമന്ത്രി കൂടിക്കാഴ്ച നടത്തി. വ്യാപാരം, നിക്ഷേപം, ഐടി എന്നിവയുൾപ്പെടെ വിവിധ മേഖലകളിലെ ഉഭയകക്ഷി പങ്കാളിത്തത്തിൽ ഇരു നേതാക്കളും സംതൃപ്തി പ്രകടിപ്പിച്ചു.

************************************************

## NIRMALA SITARAMAN

പാവപ്പെട്ടവർക്കും കർഷകർക്കും സ്ത്രീകൾക്കും യുവാക്കൾക്കുമാണ് കേന്ദ്ര ബജറ്റിൽ പ്രാധാന്യം നൽകിയിട്ടുള്ളതെന്ന് ധനമന്ത്രി നിർമല സീതാരാമൻ. ബജറ്റ് ചർച്ചയ്ക്ക് ലോക്സഭയിൽ മറുപടി നൽകുകയായിരുന്നു കേന്ദ്രമന്ത്രി. കൃഷി, MSME കൾ, നിക്ഷേപം, കയറ്റുമതി എന്നിവയ്ക്കൊപ്പം ഗ്രാമങ്ങളിൽ അഭിവൃദ്ധി കൊണ്ടുവരുന്നതിനും വിലക്കയറ്റം നിയന്ത്രിക്കുന്നതിനുമാണ് കേന്ദ്ര സർക്കാർ മുൻഗണന നൽകുന്നതെന്നും ശ്രീമതി നിർമല സീതാരാമൻ വ്യക്തമാക്കി.

************************************************

## RS-GST

ജി എസ് ടി യുമായി ബന്ധപെട്ട് തീരുമാനങ്ങൾ എടുക്കാനുള്ള ഭരണഘടനാപരമായ അധികാരം GST കൗൺസിലിനാണെന്ന് ധനമന്ത്രി നിർമല സീതാരാമൻ. GST വർഗ്ഗീകരണത്തിന്റെ തീരുമാനം ഏകപക്ഷീയമല്ലെന്നും

ഏതു പ്രശ്നവും കൗൺസിലിൽ അവതരിപ്പിക്കാൻ സംസ്ഥാനങ്ങളിലെ ധനമന്ത്രിമാർക്ക് പൂർണ അധികാരമുണ്ടെന്നും രാജ്യസഭയിൽ രേഖാമൂലം നൽകിയ മറുപടിയിൽ ശ്രീമതി നിർമല സീതാരാമൻ വ്യക്തമാക്കി.

****************************************

## MORN.CBDT TAX COLLECTION

രാജ്യത്ത് പ്രത്യക്ഷ നികുതി പിരിവ് 14.69 ശതമാനം വളർച്ച കൈവരിച്ചു. സെൻട്രൽ ബോർഡ് ഓഫ് ഡയറക്ട് ടാക്സസ് പുറത്തുവിട്ട കണക്കുകൾ പ്രകാരം, ഈ സാമ്പത്തിക വർഷം 17 ലക്ഷത്തി 78 ആയിരം കോടി രൂപയാണ് ലഭിച്ചത്. വ്യക്തിഗത ആദായ നികുതി ഒമ്പത് ലക്ഷത്തി നാല്പത്തിയേഴായിരം കോടി രൂപയിലധികവും കോർപ്പറേറ്റ് നികുതി പിരിവ് ഏഴ് ലക്ഷത്തി എഴുപത്തിയെണ്ണായിരം കോടി രൂപയിലധികവും വർധിച്ചു.

****************************************

## STUBBLE BURNING- RECOMMENDATION

ശൈത്യകാലത്ത് വൈക്കോൽ കത്തിക്കുന്നത് നിരുത്സാഹപ്പെടുത്തുന്നതിനായി വിളകൾക്കുള്ള താങ്ങുവില മാതൃകയിൽ വൈക്കോലിനും താങ്ങുവില നിശ്ചയിക്കുന്നതിനുള്ള സംവിധാനം രൂപീകരിക്കാൻ പാർലമെന്ററി സമിതി ശുപാർശ. ഇന്നലെ രാജ്യസഭയിൽ സമർപ്പിച്ച റിപ്പോർട്ടിലാണ് നിർദേശം. വർഷം തോറും അവലോകനം ചെയ്ത് ഖാരിഫ് വിളവെടുപ്പ് സീസണിന് മുമ്പ് തന്നെ വില നിശ്ചയിക്കണമെന്ന് റിപ്പോർട്ടിൽ പറയുന്നു.

****************************************

## SHAH JK MEET

നൂതന സാങ്കേതിക വിദ്യകൾ പ്രയോജനപ്പെടുത്തി അതിർത്തി വഴിയുള്ള നുഴഞ്ഞുകയറ്റം ഏതുവിധേനയും പ്രതിരോധിക്കണമെന്ന് അതിർത്തി രക്ഷാ സേനയ്ക്ക് നിർദ്ദേശം

നൽകി കേന്ദ്ര ആഭ്യന്തര മന്ത്രി അമിത് ഷാ. സുരക്ഷാ ഏജൻസികൾ കർശന ജാഗ്രത പാലിക്കണമെന്ന് ജമ്മു കശ്മീരിലെ സുരക്ഷാ സാഹചര്യം അവലോകനം ചെയ്യുന്നതിനായി ന്യൂഡൽഹിയിൽ നടന്ന ഉന്നതതല യോഗങ്ങളിൽ കേന്ദ്ര മന്ത്രി നിർദ്ദേശിച്ചു. തീവ്രവാദത്തിന് ധനസഹായം നൽകുന്നത് നിരീക്ഷിക്കുക, നാർക്കോ - ഭീകര കേസുകളിൽ ശക്തമായ നടപടിയെടുക്കുക, ജമ്മു കശ്മീരിലെ തീവ്രവാദ ആവാസവ്യവസ്ഥ തകർക്കുക എന്നീ നിർദ്ദേശങ്ങളും അദ്ദേഹം മുന്നോട്ടു വച്ചു.

*************************************

## J and K KILLED

ജമ്മുകശ്മീരിലെ അഗ്നൂർ മേഖലയിൽ സ്ഫോടകവസ്തു പൊട്ടിത്തെറിച്ച് രണ്ടു ജവാന്മാർക്ക് വീരമൃത്യു. നിയന്ത്രണ രേഖയ്ക്ക് സമീപം പട്രോളിംഗ് നടത്തുന്നിതിനിടയിലാണ് ഇന്നലെ സ്ഫോടക വസ്തു പൊട്ടിത്തെറിച്ച് അപകടമുണ്ടായത്.

*************************************

## BREAK

ഈ വാർത്തകൾ ആകാശവാണിയിൽ നിന്ന്.........

*************************************

## NIYAMASABHA

കേരള നിയമസഭയിൽ ബജറ്റിൻ മേലുള്ള പൊതു ചർച്ചയ്ക്ക് ധനമന്ത്രി കെ.എൻ ബാലഗോപാൽ ഇന്ന് മറുപടി നൽകും. കേരളത്തിൽ വർദ്ധിച്ചുവരുന്ന ലഹരി മരുന്ന് ഉപയോഗം സംബന്ധിച്ച് പ്രതിപക്ഷം കൊണ്ടുവന്ന ഉപക്ഷേപം, നിയമസഭ ഇന്നലെ സഭാനടപടികൾ നിർത്തിവച്ച് ചർച്ച ചെയ്തു. ലഹരിക്കെതിരെ സർക്കാർ ശക്തമായ നടപടിയാണ് സ്വീകരിച്ച് വരുന്നതെന്ന് എക്സൈസ് മന്ത്രി എം ബി രാജേഷ് സഭയിൽ വ്യക്തമാക്കി. ലഹരി സംഘങ്ങൾക്കെതിരെ

കർശനമായ നടപടി സർക്കാർ സ്വീകരിക്കണമെന്ന് പ്രതിപക്ഷം ആവശ്യപ്പെട്ടു..

****************************************

## PRIORITY RATION CARD – CM

സംസ്ഥാനത്തെ 50,000 മുൻഗണനാ റേഷൻ കാർഡുകളുടെ വിതരണോദ്ഘാടനം മുഖ്യമന്ത്രി പിണറായി വിജയൻ ഇന്ന് തിരുവനന്തപുരത്ത് നിർവഹിക്കും. മാനദണ്ഡപ്രകാരം 30 മാർക്കിന് മുകളിൽ ലഭിച്ച 63,861 അപേക്ഷകരിൽ ആദ്യ അമ്പതിനായിരം പേർക്കാണ് ഇപ്പോൾ മുൻഗണനാ കാർഡുകൾ നൽകുന്നതെന്ന് മന്ത്രി ജി.ആർ. അനിൽ പറഞ്ഞു. ശേഷിക്കുന്ന അപേക്ഷകർക്ക് ഒഴിവ് വരുന്ന മുറയ്ക്ക് കാർഡുകൾ വിതരണം ചെയ്യുമെന്നും മന്ത്രി അറിയിച്ചു.

****************************************

## A K SASEENDRAN – FOREST

കേരളത്തിലെ വന്യജീവി ആക്രമണം സംബന്ധിച്ച് ഇന്ന് വനംവകുപ്പ് ആസ്ഥാനത്ത് ഉന്നതതല യോഗം ചേരും. ജനങ്ങളുടെ ആശങ്കകളോടും പ്രതിഷേധങ്ങളോടും അനുഭാവ പൂർവ്വമായ നിലപാടാണ് സർക്കാരിനുള്ളതെന്ന് മന്ത്രി എ.കെ ശശീന്ദ്രൻ പറഞ്ഞു. അതേസമയം കാട്ടാന ആക്രമണത്തിൽ വയനാട് നൂൽപ്പുഴയിൽ യുവാവ് കൊല്ലപ്പെട്ട സംഭവത്തിൽ വിവിധ സംഘടനകൾ ആഹ്വാനം ചെയ്ത ഹർത്താൽ ആരംഭിച്ചു.

****************************************

## SABARIMALA (INTRO)

കുംഭമാസ പൂജയ്ക്കായി ശബരിമല ക്ഷേത്രനട ഇന്ന് വൈകുന്നേരം അഞ്ചിന് തുറക്കും. പമ്പയിൽ ജലനിരപ്പ് ക്രമീകരിക്കുന്നതിന് കുള്ളാർ ഡാം ഇന്നു തുറക്കും.

വിശദാംശങ്ങളുമായി ആകാശവാണി പത്തനംതിട്ട ജില്ലാ പ്രതിനിധി ശ്രീജി എസ് ശ്രീധർ........

(വോയ്സ്)

*****************************************

## NATIONAL GAMES

ഉത്തരാഖണ്ഡിൽ നടക്കുന്ന 38-ാമത് ദേശീയ ഗെയിംസിൽ 55 സ്വർണ്ണവുമായി സർവീസസ് ഒന്നാം സ്ഥാനത്ത് തുടരുന്നു. മഹാരാഷ്ട്ര രണ്ടാം സ്ഥാനത്തും കർണാടക മൂന്നാം സ്ഥാനത്തുമാണ്. കേരളം പതിനൊന്നാം സ്ഥാനത്തേക്ക് പിന്തള്ളപ്പെട്ടു.

*****************************************

## IND VS ENG ODI

ഇന്ത്യ- ഇംഗ്ലണ്ട് ഏകദിന പരമ്പരയിലെ മൂന്നാമത്തെയും അവസാനത്തെയും മത്സരം ഇന്ന്. അഹമ്മദാബാദിലെ നരേ ന്ദ്രമോദി സ്റ്റേഡിയത്തിൽ ഉച്ചയ്ക്ക് 1.30നാണ് മത്സരം. ആദ്യ രണ്ട് മത്സരങ്ങളും വിജയിച്ച ഇന്ത്യ പരമ്പര ഇതിനകം സ്വന്തമാക്കിയിട്ടുണ്ട്.

*****************************************

## BUMRAH RULED OUT

പരിക്കിനെ തുടർന്ന് സ്റ്റാർ ബൗളർ ജസ്പ്രീത് ബുംറ ഐസിസി ചാമ്പ്യൻസ് ട്രോഫിക്കുള്ള ഇന്ത്യൻ ടീമിൽ നിന്ന് പുറത്തായി. ബുംറയ്ക്ക് പകരക്കാരനായി ഹർഷിത് റാണയെ ഇന്ത്യൻ ക്രിക്കറ്റ് കൺട്രോൾ ബോർഡ് തിരഞ്ഞെടുത്തു. താൽക്കാലിക ടീമിൽ ആദ്യം ഇടം നേടിയ യശസ്വി ജയ്സ്വാളിന് പകരക്കാരനായി സപിന്നർ വരുൺ ചക്രവർത്തിയെയും ഉൾപ്പെടുത്തി. ചാമ്പ്യൻസ് ട്രോഫിയിൽ രോഹിത് ശർമ്മ നയിക്കുന്ന ടീം ഇന്ത്യ ഈ മാസം 20 ന് ബംഗ്ലാദേശിനെതിരെ കളിക്കും. 23 ന് പാകിസ്ഥാനെ നേരിടും.

*****************************************

## MAHAKUMBH – MAGH PURNIMA

പ്രയാഗ്‌രാജിൽ മഹാകുംഭമേളയോടനുബന്ധിച്ചുള്ള മാഘ പൂർണിമ സ്നാനത്തിൽ തീർത്ഥാടക പ്രവാഹം. കൽപവാസ് എന്ന പ്രത്യേക ആചാരണത്തിനും ഇതോടെ സമാപനമായി. മാഘ പൂർണിമയോട് അനുബന്ധിച്ച് ഉത്തർപ്രദേശ് സർക്കാർ പ്രത്യേക ഗതാഗത ക്രമീകരണങ്ങളും ശക്തമായ സുരക്ഷാ സംവിധാനങ്ങളുമാണ് ഏർപ്പെടുത്തിയത്. മഹാകുംഭമേള യിൽ ഇതുവരെ 46 കോടിയിലധികം ഭക്തർ ത്രിവേണി സംഗമത്തിൽ പുണ്യസ്നാനം നടത്തി.

*************************************

## RAGING – COLLEGE

കോട്ടയം ഗവ.നഴ്സിങ് കോളജിൽ സീനിയർ വിദ്യാർഥികൾ ക്രൂരമായി റാഗിങ് നടത്തിയെന്ന ഒന്നാം വർഷ വിദ്യാർഥികളുടെ പരാതിയിൽ മൂന്നാം വർഷ വിദ്യാർഥികളായ അഞ്ച് പേർ പൊലീസ് കസ്റ്റഡിയിൽ. കഴിഞ്ഞ നവംബർ മുതൽ റാഗിംഗ് നടക്കുന്നതായ പരാതിയിലാണ് ഗാന്ധിനഗർ പൊലീസ് കേസെടുത്തത്.

*************************************

## KEJRIWAL MEETING

ഡൽഹി നിയമസഭാ തിരഞ്ഞെടുപ്പ് പരാജയത്തിന് പിന്നാലെ ആം ആദ്മി പാർട്ടി കൺവീനർ അരവിന്ദ് കെജ്രിവാൾ ഇന്നലെ ന്യൂഡൽഹിയിൽ പഞ്ചാബിലെ എംഎൽഎമാരുമായി കൂടിക്കാഴ്ച നടത്തി. പഞ്ചാബ് മുഖ്യമന്ത്രി ഭഗവന്ത് മാനും മറ്റ് മുതിർന്ന നേതാക്കളും യോഗത്തിൽ പങ്കെടുത്തു. വരാനിരിക്കുന്ന പഞ്ചാബ് നിയമസഭാ തിരഞ്ഞെടുപ്പ് ഉൾപ്പടെ ചർച്ചയായി. അതേസമയം, ആം ആദ്മി പാർട്ടി മുങ്ങുന്ന കപ്പലാണെന്ന് ബിജെപി നേതാവ് വിജേന്ദർ ഗുപ്ത മാധ്യമങ്ങളോട് പ്രതികരിച്ചു.

*********************************************************************************************
*